വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടിരൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ലാഭത്തിലും നഷ്ടത്തിലുമായ പൊതുമേഖലാ സ്ഥാപനങ്ങൾ

241 (586) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ടെങ്കിൽ നഷ്ടത്തിലായതിന്റെ കാരണങ്ങൾ വിശദമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15-ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും അനാരോഗ്യ കരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി നടത്തിയിട്ടുള്ളത്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതിചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും വിപണിയിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടിരൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

സിഡ്കോയുടെ കീഴിലെ നിർമ്മാണ പ്രവൃത്തികൾ

242 (587) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ എത്ര നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും ഏത് തീയതിക്കാണ് എഗ്രിമെന്റ് വച്ചതെന്നും അതുപ്രകാരം എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിഡ്കോയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 64 നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly